ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ പ്രിന്റിംഗ് പ്രസ്സുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് 10-8-2010-ലെ സ.ഉ. (എം.എസ്) നമ്പർ 95/2010/തൊഴിൽ പ്രകാരമാണ്. പ്രസ്തുത മിനിമം വേതനം വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാർ നിർദ്ദേശപ്രകാരം മിനിമം വേതന ഉപദേശക സമിതി സ്വീകരിച്ചുവരുന്നു.

(ബി) പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ് തൊഴിലാളികൾക്ക് ഐ.ആർ.സി. രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

(സി) പ്രസ് തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ടി തൊഴിലാളികളെ കേരള അസംഘടിത തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ

239 (947) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ :

(ബി) എങ്കിൽ ഏതെല്ലാം പുതിയ തസ്തികകളാണ് സൃഷ്ടിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

കശുവണ്ടി തൊഴിലാളികളുടെ വേതനം

240 (948) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികളുടെ വേതനം പരിഷ്കരിച്ചിട്ട് എത്ര കാലമായി എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യവസായികളുടെ താല്പര്യസംരക്ഷണാർത്ഥം സർക്കാർ അലംഭാവം പുലർത്തുന്നതാണ് മിനിമം വേതനം പുതുക്കുന്നതിനും ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനും തടസ്സമായിരിക്കുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) വർദ്ധിച്ച ജീവിതച്ചെലവ് പരിഗണിച്ച് അടിയന്തരമായി മിനിമം വേതനം പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 3-1-2011-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 01/2011/ തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) സമയബന്ധിതമായി മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കശുവണ്ടി വ്യവസായ രംഗത്തെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി 3-7-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്) നമ്പർ 75/2014/തൊഴിൽ പ്രകാരം നിശ്ചയിച്ച മിനിമം വേജസ് കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരികയാണ്.

കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി

241 (949) ശ്രീ. കെ. രാജു :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചതെന്നാണ് ; ഇത് പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവിതച്ചെലവിനനുസൃതമായി അഞ്ചു വർഷത്തിലൊരിക്കൽ മിനിമം കൂലി പുതുക്കണമെന്ന വ്യവസ്ഥയുണ്ടോ, എങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly